പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 379 06.02.2013-ൽ മറുപടിയ്ക്ക്

## വൈദ്യുതി ബോർഡിന്റെ പുനരുദ്ധാരണത്തിനുവേണ്ടി കേന്ദ്ര സർക്കാരിന്റെ പാക്കേജ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി) |
| (എ) വൈദ്യുതി ബോർഡിന്റെ പുനരുദ്ധാരണത്തിനുവേണ്ടി കേന്ദ്ര സർക്കാരിന്റെ പാക്കേജ് അംഗീകരിച്ചുകൊണ്ട് ബോർഡ് കത്തു നൽകിയിട്ടുണ്ടോ; | (എ) 30.11.2012 - ാം തീയതിയിലെ കത്ത് നമ്പർ FA/ടെണ്ടർ/12 മുഖേന കേന്ദ്രഗവൺമെൻറിൻെറ സാമ്പത്തിക പുനരുദ്ധാരണ പദ്ധതി തത്വത്തിൽ അംഗീകരിക്കുന്നതിനുള്ള സമ്മതം വൈദ്യുതി ബോർഡ് സംസ്ഥാന സർക്കാരിനെ അറിയിച്ചിട്ടുണ്ട് |
| (ബി) വർഷം തോറും വൈദ്യുതി ചാർജ് പുതുക്കുന്നതിനും, വൈദ്യുതി വിതരണ മേഖല സ്വകാര്യവൽകരിക്കുന്നതിനും, കുടിശ്ശിക പിരിക്കുന്നതിന് ഫ്രാഞ്ചൈസികളെ ഏൽപ്പിക്കുന്നതിനും സമ്മതമാണെന്ന് പ്രസ്തുത കത്തിൽ ബോർഡ് കേന്ദ്രത്തെ അറിയിച്ചിട്ടുണ്ടോ; പ്രസ്തുത കത്തിന്റെ കോപ്പി ലഭ്യമാക്കുമോ; | (ബി) ഇല്ല; വൈദ്യുതി ബോർഡ് സംസ്ഥാന സർക്കാരിന് നൽകിയ കത്തിൻെറ പകർപ്പ് അനുബന്ധമായി ചേർക്കുന്നു. |
| (സി) ഈ പാക്കേജ് കൊണ്ട് സംസ്ഥാന വൈദ്യുതി ബോർഡിനുണ്ടാകുന്ന നേട്ടം എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; | (സി) 31.03.2012 വരെയുള്ള ബോർഡിൻെറ ഹ്രസ്വകാല ബാധ്യതകൾ 2640.63 കോടിയാണ്. കേന്ദ്ര ഗവൺമെൻറിൻെറ സാമ്പത്തിക പുനരുദ്ധാരണ പദ്ധതി പ്രകാരം ഇതിൻെറ അൻപത് ശതമാനമായ 1320.32 കോടി കേരള ഗവൺമെൻറ് ഏറ്റെടുക്കേണ്ടതും തത്തുല്യ തുകയ്ക്ക് ഗ്യാരൻറിയുള്ള കടപ്പത്രങ്ങളായി പുറപ്പെടുവിക്കുന്നതുമായിരിക്കും. കേന്ദ്ര ഗവൺമെൻറിൻെറ നിർബന്ധിത നിബന്ധനകൾ പാലിക്കുന്ന പക്ഷം ഇതിൻെറ 25% കേന്ദ്ര ഗവൺമെൻറ് ഗ്രാൻ്റായി നൽകുന്നതായിരിക്കും. |

(ഡി) സംസ്ഥാനത്ത് ഏറ്റവും കൂടുതൽ വൈദ്യുതി ചാർജ് കുടിശ്ശിക വരുത്തിയ സ്ഥാപനങ്ങൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ; പൊതുമേഖലാ സ്ഥാപനങ്ങളുടെ കുടിശ്ശിക പരിഹരിക്കുന്നതിന് സ്വകാര്യ ഫ്രാഞ്ചൈസികളെ ഏൽപ്പിക്കുന്നതിനോട് സർക്കാർ യോജിക്കുന്നുണ്ടോ; വ്യക്തമാക്കുമോ?

(ഡി) സംസ്ഥാനത്ത് ഓരോ വിഭാഗത്തിൽ നിന്നും ഏറ്റവും കൂടുതൽ വൈദ്യുത ചാർജ്ജ് കുടിശ്ശിക വരുത്തിയ സ്ഥാപനങ്ങളുടെ വിശദാംശം ചുവടെ ചേർക്കുന്നു. 30.09.2012 ലെ കണക്കനുസരിച്ചുള്ള കുടിശ്ശികയാണിത്.

(i) സംസ്ഥാന സർക്കാർ സ്ഥാപനങ്ങൾ - കൃഷിവകുപ്പ് കുടിശ്ശിക - രൂ. 37.21 കോടി.

(ii) സംസ്ഥാന പൊതുമേഖലയും സഹകരണ സ്ഥാപനങ്ങളും - കേരള വാട്ടർ അതോറിറ്റി - കുടിശ്ശിക - രൂ. 315.72 കോടി.

(iii) കേന്ദ്ര സർക്കാർ സ്ഥാപനങ്ങൾ - ഇന്ത്യൻ റയിൽവേ - കുടിശ്ശിക രൂ. 36.9 ലക്ഷം

(iv) കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങൾ - ഇന്ത്യൻ ഓയിൽ കോർപ്പറേഷൻ - കുടിശ്ശിക - രൂ. 3.87 കോടി.

(v) അന്തർ സംസ്ഥാന ഊർജ്ജ ഇടപാട് - മദ്ധ്യപ്രദേശ് സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് - കുടിശ്ശിക - രൂ. 1.23 കോടി.

(vi) സ്വകാര്യ മേഖല - ഹൈടെക് ഇലക്ട്രോ തെർമിക്സ് & ഹൈഡ്രോ മീറ്റർ - കുടിശ്ശിക - രൂ. 45.53 കോടി.

(vii) ലൈസൻസികൾ - ടാറ്റാ റ്റീ ലിമിറ്റഡ് - കുടിശ്ശിക - രൂ. 11.62 കോടി

പൊതുമേഖലാ സ്ഥാപനങ്ങളുടെ കുടിശ്ശിക പരിഹരിക്കുന്നതിന് സ്വകാര്യ ഫ്രാഞ്ചൈസികളെ ഏൽപ്പിക്കണമോ എന്ന വിഷയം സർക്കാരിൻെറ പരിഗണനയിലില്ല.

സെക്ഷൻ ഓഫീസർ.

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്